പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1914 04.05. 2017 ൽ മറുപടിക്ക്

**ലൈൻ വർക്കർമാരെ സ്ഥിരപ്പെടുത്തുവാൻ പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ ഉത്തരവ്**

ചോദ്യം

ശ്രീ.എൻ.ഷംസുദ്ദീൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ കരാർ ലൈൻ വർക്കർമാരെ സ്ഥിരപ്പെടുത്തുവാൻ 2004ൽ പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ ഉത്തരവ് നൽകിയിട്ടുണ്ടോ; | (എ) ID 27/2002 കേസിൽ 2004-ലെ പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധിയിലും ആയതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും, സുപ്രീം കോടതിയും പുറപ്പെടുവിച്ചിട്ടുള്ള വിവിധ കോടതി വിധികളിലും കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനായി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഈ ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി ലിമിറ്റഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ | (ബി) പ്രസ്തുത ഉത്തരവിൻപ്രകാരം ആയിരത്തി ഇരുന്നൂറോ അതിൽ കൂടുതലോ ദിവസങ്ങളിൽ ബോർഡിൽ ജോലി നോക്കിയിട്ടുള്ള കരാർ തൊഴിലാളികളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു. ലേബർ കമ്മീഷണർ തയ്യാറാക്കിയ ലിസ്റ്റ് തുടർനടപടികൾക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് കൈമാറിയിട്ടുണ്ട്. ഇവരുടെ നിയമനത്തിനായി മസ്ദൂർ തസ്തികയിൽ '1486' ഒഴിവുകൾ ജില്ല തിരിച്ച് പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ